(സി) കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പട്ടികവർഗ്ഗ ഭേദഗതി ലിസ്റ്റ് സംസ്ഥാനത്ത് വിജ്ഞാപനം ചെയ്തതുമൂലം അർഹതപ്പെട്ട സമുദായത്തിലെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അടിയന്തരമായി വിജ്ഞാപനം പുറപ്പെടുവിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) ഉണ്ട്.

(ഡി) നടപടി സ്വീകരിച്ചു കഴിഞ്ഞു.

ആരോഗ്യപച്ചയിൽ നിന്നുല്പാദിപ്പിച്ച ജീവനി

115 (4723) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. വി. ബാലറാം :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യപച്ചയിൽ നിന്നുല്പാദിപ്പിച്ച ജീവനി എന്ന ഔഷധം വിറ്റവകയിൽ ഇതുവരെ എന്തുതുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എന്തുതുക റോയൽറ്റി ഇനത്തിൽ ഗിരിവർഗ്ഗ ട്രസ്റ്റിന് കൈമാറിയിട്ടുണ്ട് ;

(സി) ഈ തുക ഗിരിവർഗ്ഗക്കാരുടെ എന്തെല്ലാം ക്ഷേമപ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഈ വിഷയം സംബന്ധിച്ച് ഈ വകുപ്പിൽ വിവരം ലഭ്യമല്ല. ഇതിന്റെ വിവരങ്ങൾ റ്റിസിസിആർഐ-ൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

116 (4724) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഏതെല്ലാം രോഗചികിത്സകൾക്കാണ് ധനസഹായം നൽകി വരുന്നത് എന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ രോഗ ചികിത്സയ്ക്കും എത്ര രൂപവരെ ധനസഹായം നൽകാറുണ്ട് ;

(സി) അപേക്ഷ സമർപ്പിക്കാൻ പ്രത്യേക ഫോറം നിഷ്കർഷിച്ചിട്ടുണ്ടോ ;

(ഡി) എന്തെല്ലാം രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുണ്ട് ;

(ഇ) ഫാറത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(എഫ്) ധനസഹായം ലഭിക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയാണ് പരിധി നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാൻസർ, ഹൃദ്രോഗം, ക്ഷയം, ദീർഘകാല ചികിത്സ വേണ്ടി വരുന്ന മറ്റ് രോഗങ്ങൾക്കുള്ള ചികിത്സ, ചെലവ് കൂടിയ ശസ്ത്രക്രിയകൾ, ഡയാലിസിസ് തുടങ്ങിയവയ്ക്ക് ധനസഹായം നൽകിവരുന്നു.

(ബി) ഓരോ രോഗത്തിനും പ്രത്യേക നിരക്ക് നിശ്ചയിച്ചിട്ടില്ല. രോഗത്തിന്റെ കാഠിന്യം ഡോക്ടറുടെ സർട്ടിഫിക്കറ്റ് മറ്റ് അനുബന്ധരേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരമാവധി 25,000 രൂപവരെ ധനസഹായം നൽകാറുണ്ട്.

(സി) ഉണ്ട്.

(ഡി) (i) മെഡിക്കൽ സർട്ടിഫിക്കറ്റ്.

(ii) ജാതി സർട്ടിഫിക്കറ്റ്.

(iii) വരുമാന സർട്ടിഫിക്കറ്റ്

(ഇ) അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(എഫ്) ഉണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വാർഷിക കുടുംബ വരുമാനം 25,000 രൂപയിൽ കവിയാൻ പാടില്ല. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വരുമാന പരിധി നിശ്ചയിച്ചിട്ടില്ല.

സ്കൂൾ-കോളേജ്-പ്രൊഫഷണൽ തലങ്ങളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

117 (4725) ശ്രീ. പി. നാരായണൻ :
ശ്രീ. എൻ. രാജൻ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ-കോളേജ്-പ്രൊഫഷണൽ തലങ്ങളിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly